**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5539** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയർ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മെഡിക്കൽ കോളേജിൽ കോൺട്രാക്ട് സീനിയർ റസിഡന്റ് എന്ന നിലയിൽ സേവനം അനുഷ്ഠിച്ച ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയർ അനുവദിക്കണമെന്ന അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ബഹു. മന്ത്രിയുടെ 09/08/2021 ലെ E/5349357/21/M(H,W&CD) നമ്പർ കത്തിൻമേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ സീനിയർ റസിഡന്റ് ആയിരുന്ന ഡോ.ജെസ്സി വർഗ്ഗീസ് അവിടെ കരാർ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാലയളവിൽ ജോലി ചെയ്തിരുന്നു. 19/01/2018 to 18/01/2019 01/02/2019 to 31/01/2020 05/02/2020 to 20/03/2020 മേൽ കാലയളവിൽ G.O(Rt)3837/2018/H&FWD തീയതി : 31/12/2018 പ്രകാരം 50000/-രൂപയാണ് വേതനമായി നൽകിയിരുന്നത്. G.O (Ms) 101/2019/H&FWD തീയതി 08/07/2019 പ്രകാരം സീനിയർ റസിഡന്റുമാരുടെ വേതനം 70,000/- ആയി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ കരാർ അടിസ്ഥാനത്തിലുള്ളവരെ ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ ഡോ.ജസ്സി വർഗ്ഗീസിന് ഉയർത്തിയ വേതനം നൽകുവാൻ കഴിയുമായിരുന്നില്ല. GO(MS)63/2020/H&FWD തീയതി: 15/04/2020 പ്രകാരം കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സീനിയർ റസിഡന്റുമാരുടെ വേതനം 01/04/2020 മുതൽ വർദ്ധിപ്പിച്ചു നൽകി. പക്ഷേ ഡോ.ജസ്സിയുടെ സേവനം പ്രസ്തുത തീയതിയ്ക്ക് മുന്നേ (20/03/2020 ന്) അവസാനിച്ചതിനാൽ കരാർ അടിസ്ഥാനത്തിലുള്ളവർക്ക് നൽകിയ വേതന വർദ്ധനവും ടിയാൾക്ക് നൽകാൻ കഴിയുന്നതല്ല. |
| (ബി) | ഈ വിഷയത്തിൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | ലഭ്യമായ വിവര പ്രകാരം ഡോ.ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയറിന് അർഹതയില്ല. |
| (സി) | സ്റ്റൈപന്റ് അരിയർ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ലഭ്യമായ വിവര പ്രകാരം ഡോ.ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയറിന് അർഹതയില്ല. |

സെക്ഷൻ ഓഫീസർ